# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 553 - 19.03.2013-ലെ മറുപടിക്ക്

## ലാപ്സായി പോയ കേന്ദ്ര സഹായ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി. എം. തോമസ് ഐസക് | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) 2012-13 സാമ്പത്തിക വർഷം കേന്ദ്ര ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ അനുസരിച്ച്, സംസ്ഥാനത്തിനർഹമായ എന്തെല്ലാം കാര്യങ്ങളിൽ, അവ പൂർണ്ണമായും നേടിയെടുക്കാൻ കഴിയാതെ പോയിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കുമോ;<br>(ബി) കേന്ദ്ര ഗവൺമെന്റ് 2012-13 ൽ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച എല്ലാ പദ്ധതികളും പരിപാടികളും സംസ്ഥാനത്ത് നടപ്പാക്കുകയുണ്ടായോ; എങ്കിൽ നടപ്പാക്കാൻ സാധിച്ചിട്ടില്ലാത്തവ ഏതൊക്കെ; അത് വഴി ലാപ്സായ തുക എത്ര; | 2012-13 സാമ്പത്തിക വർഷം കഴിയുന്നതോടുകൂടി മാത്രമേ കേന്ദ്ര ബഡ്ജറ്റ് നിർദ്ദേശങ്ങൾ അനുസരിച്ച് സംസ്ഥാനത്തിന് അർഹമായ പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാൻ കഴിയുകയുള്ളു. |
| (സി) 2011-12 സാമ്പത്തിക വർഷം, സംസ്ഥാനത്ത് നടപ്പിലാക്കാൻ സാധിക്കാതെ പോയതിന്റെ പേരിൽ ലാപ്സായിപ്പോയ കേന്ദ്ര സഹായ പദ്ധതികളും തുകയും സംബന്ധിച്ച് വിശദമാക്കുമോ? | 2011-12-ലെ റവന്യൂ എസ്റ്റിമേറ്റ് പ്രകാരം വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും പ്രതീക്ഷിച്ച ഗ്രാന്റുകൾ 3885.87 കോടി രൂപയാണ്. ഇതിൽ 3709.22 കോടി രൂപ കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. കേന്ദ്രസഹായ പദ്ധതികളുടെ വിനിയോഗിക്കാത്ത തുക കേന്ദ്രസർക്കാർ തൊട്ടടുത്ത വർഷം 'റീവാലിഡേറ്റ്' ചെയ്ത് നൽകുന്ന സംവിധാനം ഉള്ളതിനാൽ കേന്ദ്രസഹായം പൂർണ്ണമായും ലാപ്സാകുന്ന സാഹചര്യമില്ല. |

സെക്ഷൻ ഓഫീസർ